## കൈകോർത്ത് ഒരുമ ട്രാൻസ്ജൻഡർ കൂട്ടായ്മ

# ഷാഫി എം എൽ എയുടെ നേതൃത്വത്തിൽ ഭക്ഷണവിതരണം തുടരുന്നു

വീക്ഷണം

പാലക്കാട്: കോവിഡ് രണ്ടാം തരംഗം രൂക്ഷമായതോടെ പാലക്കാട് എംഎൽഎ ഷാഫി പറമ്പിലിന്റെ നേതൃത്വത്തിൽ കോവിഡ് പോസിറ്റീവ് ആയ നിർധനരായ കുടുംബങ്ങൾക്ക് ഭക്ഷണം മൂന്നു നേരവും വിതരണം ചെയ്യുന്നത് ഇന്നലെ ഇരുപത്തി നാല് ദിവസം പിന്നിട്ടു. മൂന്നു നേരത്തേക്കു കൂടി എഴുനൂറിൽ കൂടുതൽ പൊതു ഭക്ഷണങ്ങൾ വിതരണം ചെയ്തു വരുന്നു. അതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നത് ഒരുമ ട്രാൻസ്ജെന്റർ കുടുംബശ്രീ



പാലക്കാട്ടെ ഒരുമ ട്രാൻസ്ജെൻഡർ കുടുംബശ്രീ യൂണിറ്റിലെത്തിയ ഷാഫി പറമ്പിൽ എം എൽ എ

പാലക്കാട്ടെ യൂത്ത് കെയർ ഭക്ഷണ വിതരണത്തിന്റെ ഇരുപത്തി നാലാം ദിവസമായ ഇന്നലെ നൂറ് പൊതിച്ചോറുകൾ നൽകിയത് സിവിൽ സ്റ്റേഷനിലെ ട്രാൻസ്ജെന്റർ കുടുംബശ്രീ കാന്റീനിലെ ജീവനക്കാരാണ്.

ഇതിന് വേണ്ട സഹായങ്ങൾ ചെയ്തത് കുറ്റകൃത്യങ്ങൾക്കും അവകാശ നിഷേധങ്ങൾക്കും ഇരയാകുന്നവരെ സഹായിക്കാനും പുനരധിവസിപ്പിക്കാനും പ്രവർത്തിക്കുന്ന വിശ്വാസ് എന്ന കൂട്ടായ്മയാണ്. മണ്ഡലത്തിലെ നിർധനരായവർക്ക് ഭക്ഷ്യ കിറ്റുകൾ, കോവിഡിന്റെ പിടിയിലായവർക്ക് ആയുർവേദ മരുന്നുകൾ, മണ്ഡലത്തിലെ ഏതെങ്കിലും കോവിഡ് പോസിറ്റീവ് മാറി കഴിഞ്ഞ വീടുകൾ സൗജന്യമായി അണുനശീകരണം നടത്തണമെങ്കിൽ എംഎൽഎ ഓഫീസ് ഹെൽപ് ലൈനിൽ ബന്ധപ്പെടാവുന്നതാണ്.

... പോസിറ്റീവ് ആയവർക്ക് എ...ുസമയത്തും ഭക്ഷണമെ...ിക്കുന്ന സംവിധാനവും ...ഡോക്ടർമാരുടെ സേവനവും ...പോസിറ്റീവ് ആയി ഓക്സിമീ... വാങ്ങാൻ സൗകര്യമില്ലാത്ത...ർക്ക് എത്തിച്ചു നൽകുക...ും ചെയ്യുന്നുണ്ട്. എംഎൽ... ഓഫീസ് വഴി നിയന്ത്രിക്കു... ഇത്തരം സേവനങ്ങൾ യൂ...ത് കെയർ വോളന്റിയർമാർ മുഖേനയാണ് വിതരണം നടത്തുന്നത്.

യൂത്ത് കെയറിന് നേതൃത്വം നൽകുന്നത് യൂത്ത് കോൺഗ്രസ് സംസ്ഥാന നിർവാഹകസമിതി അംഗം പ്രശോഭ് എം, യൂത്ത് കോൺഗ്രസ് പ്രവർത്തകരായ ദീപക് എസ്,സക്കീർ തേഷറമ്പ്, നവാസ് കെ,ഷൈലേഷ് വി,ഷഫീഖ് എസ്,ഇഖ്ബാൽ മുഹമ്മദ് തുടങ്ങിയവരാണ്.